# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3753 — 20-07-2015 ൽ മറുപടിക്ക്

## ഹെഡ് മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെയും നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു<br>ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെയും ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെയും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) | ഹൈസ്കൂളുകളിൽ 38 ഹെഡ്മാസ്റ്റർമാരുടെയും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 118 പ്രിൻസിപ്പൽമാരുടെയും ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ് നിലവിലുണ്ടോ; ഈ ലിസ്റ്റിൽ നിന്നും ഹെഡ് മാസ്റ്റർമാരുടെ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഹെഡ് മാസ്റ്റർമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ് നിലവിലുണ്ട്. 1991-96 വർഷത്തെ എച്ച്.എസ്.എ മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിക്കുന്ന ലിസ്റ്റിൽ നിന്നുമാണ് ഹെഡ്മാസ്റ്റർ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നിയമനം നടത്തുന്നത്. ഒഴിവുകൾ ഉടൻതന്നെ നികത്തുന്നതാണ്. |
| (സി) | പ്രൊമോഷൻ ടെസ്റ്റിൽ ജയിക്കുന്നവരെ ഹെഡ് മാസ്റ്റർമാരായി നിയമിച്ചാൽ മതിയെന്ന് തീരുമാനമുണ്ടോ ; | (സി) | ടെസ്റ്റ് പാസ്സാകാത്തവരെ പ്രൊമോഷന് പരിഗണിക്കരുതെന്ന് ബഹു. ഹൈക്കോടതി ഉത്തരവുണ്ട്. 16-05-2015 ലെ സർക്കാർ ഉത്തരവ് (കൈ) നം. 117/2015/ പൊ.വി. പ്രകാരം ടെസ്റ്റ് പാസ്സായവർക്ക് പ്രൊമോഷനിൽ മുൻഗണന നൽകണമെന്നു കൂടി നിർദ്ദേശിച്ചിട്ടുണ്ട്. 22-06-2015 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായവർക്ക് മാത്രം പ്രൊമോഷൻ നൽകിയാൽ മതിയെന്ന് തീരുമാനമെടുത്തിരുന്നു. |

(ഡി) സർവ്വീസ് റൂൾ അനുസരിച്ച് അമ്പത് വയസ്സ് കഴിഞ്ഞവരെ പ്രമോഷൻ ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ഡി) സ്പെഷ്യൽ റൂൾസിൽ 50 വയസ്സ കഴിഞ്ഞവരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ഇ) ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

(ഇ) നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് ഡി.പി.സി ചേർന്ന് യോഗ്യരായ അധ്യാപകരുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം സർക്കാർ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ